**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3984** **15-07-2022 - ൽ മറുപടിയ്ക്ക്**

**മാനസിക വെല്ലുവിളി നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾക്ക് റേഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുൾപ്പെടുന്ന കുടുംബങ്ങളുടെ റേഷൻ കാർഡിന് മറ്റ് മാനദണ്ഡങ്ങൾ ഒഴിവാക്കി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ ഭ.പൊ.വി.വ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് സമാനമായ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമായതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൻമേൽ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അർഹതയുണ്ടെന്ന് കാണുന്ന പക്ഷം മുൻഗണനയിലേക്ക് പരിവർത്തനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ